# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.616 — 04/02/2020-ൽ മറുപടിക്ക്

### പുതിയകാവ്-ചക്കുവള്ളി റോഡിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ

| | ചോദ്യം<br><br>**ശ്രീ.ആർ. രാമചന്ദ്രൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിലെ പുതിയകാവ്-ചക്കുവള്ളി റോഡിൽ ഗതാഗതത്തിന് തടസമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ കത്ത് ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കരുനാഗപ്പള്ളി നോർത്ത് സെക്ഷനിലെ അഞ്ച് എ-പോൾ ഉൾപ്പെടെ 32 പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് 5,32,935/- രൂപയുടെ എസ്റ്റിമേറ്റും ശൂരനാട് സെക്ഷനിലെ 52 കോൺക്രീറ്റ് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള 6,82,153/- രൂപയുടെ എസ്റ്റിമേറ്റും പി.ഡബ്ല്യ.ഡി ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. മണപ്പള്ളി സെക്ഷനിൽ മൂന്നര കിലോമീറ്ററിലധികം വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇരുമ്പ് തൂണുകളും കോൺക്രീറ്റ് തൂണുകളും ഉൾപ്പെടെ 45-ലധികം പോസ്റ്റുകളുടെയും ലൈനുകളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നുണ്ട്. കൂടാതെ മണപ്പള്ളി സെക്ഷനു കീഴിൽ ടി റോഡിൽ പാലം പൊളിക്കുന്നതുമായി ബന്ധപ്പെട്ട് 56,186/- രൂപയുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യ.ഡി. വിഭാഗത്തിന് തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| (ബി) | വെറ്റമുക്ക്-താമരക്കുളം റോഡിന്റെ പുനർനിർമ്മാണത്തിനായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാനുള്ള എസ്റ്റിമേറ്റ് തുക കിഫ്ബി ഇലക്ട്രിസിറ്റി ബോർഡിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ടോ; | (ബി) | ഇല്ല<br>എന്നാൽ വെറ്റമുക്ക് - താമരക്കുളം റോഡിന്റെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട്, കരുനാഗപ്പള്ളി ഇലക്ട്രിക്കൽ ഡിവിഷനു കീഴിൽ 7 ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിലായി 14 എസ്റ്റിമേറ്റുകളിലായി, 52,34,755/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 03.10.2019 - ന പി.ഡബ്ല്യ.ഡി ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ചാരുംമൂട് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 06.09.2019- ന 87344 രൂപയുടേയും |

| | | | |
|---|---|---|---|
| | | | വള്ളിക്കുന്നം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 26.09.2019- ന 3009723 രൂപയുടേയും എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | തുക അടയ്ക്കുന്ന മുറയ്ക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ